PRESIDENT: It is not a matter in which I could give a definite ruling in absolute terms. It will depend on each case.

Resolution re Assignment of lands to foreigners.

PRESIDENT : The next resolution stands in the name of Mr. Kunjitomman.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : സർ, ഞാൻ താഴെ പ്രസ്താവിക്കുന്ന പ്രമേയം ഈ കൌൺസിലിന്റെ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

"അഞ്ചു് ഏക്കറിൽ കൂടുതൽ ഭൂമി യാതൊരു വിദേശികൾക്കും ഈ രാജ്യത്തു പതിച്ചുകൊടുക്കാൻ പാടില്ലെന്നു ഈ കൌൺസിൽ ഗവർമെന്റിനോടു ശുപാർശചെയ്യുന്നു."

ഇതാണു് എന്റെ പ്രമേയം. മനുഷ്യവർഗ്ഗത്തിന്റെ വിശ്വവ്യാപകമായ സാഹോദര്യത്തിനു അതായതു Universal brotherhoodനു ഭംഗം വരാതെ ഈ രാജ്യത്തിന്റെ ഭാവി ഐശ്വര്യത്തേയും ക്ഷേമത്തേയും പരിരക്ഷിക്കണമെന്നുദ്ദേശിച്ചാണു് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. കൃഷി, കച്ചവടം, കൈത്തൊഴിൽ ഇവ മൂന്നുമാണല്ലൊ ഏതൊരു രാജ്യത്തിന്റെയും ഐശ്വര്യത്തിനുനിദാനമായ തൊഴിലുകൾ. എന്നാൽ ഇവിടെ കച്ചവടവും വ്യവസായവും ജനങ്ങളുടെ ഐശ്വര്യത്തിനു ഉതകത്തക്കവിധത്തിൽ അഭിവൃദ്ധിപ്പെടാൻ വഴിയില്ലാതാണിരിക്കുന്നതു്. എന്തെന്നാൽ ഇവിടത്തെ കച്ചവടം കൃഷിയെ ആശ്രയിച്ചാണു് ഇരിക്കുന്നതു്. വ്യവസായനിർമ്മിതമായ പദാർത്ഥങ്ങളല്ല ഇവിടത്തെ കച്ചവടസാധനങ്ങൾ. പിന്നയോ കൃഷിയിൽ നിന്നുള്ള ഉൽപന്നങ്ങളാണു്. വ്യവസായത്തിനു ഇവിടെ വലിയ അഭിവൃദ്ധിയുണ്ടാകാൻ മാർഗ്ഗമില്ല. വമ്പിച്ച മൂലധനം മുടക്കി വ്യവസായം നടത്തുന്ന വിദേശങ്ങളിൽനിന്നും കപ്പലിൽ കയറ്റി ഇവിടെ കൊണ്ടുവന്നു ചുരുങ്ങിയ വിലയ്ക്കു വിൽക്കപ്പെടുന്ന പകിട്ടുള്ള സാധനങ്ങളോടു കിടനിൽക്കുന്ന സാധനങ്ങൾ ഇവിടെ ഉണ്ടാകണമെങ്കിൽ പുറമേനിന്നും വന്നുകൊണ്ടിരിക്കുന്ന സാധനങ്ങൾക്കു വലിയ മുങ്കം ഏർപ്പെടുത്തി കുറെനാൾ നിയന്ത്രിക്കണം. ജപ്പാൻരാജ്യത്തിന്റെ ചരിത്രത്തിൽ നിന്നും ഇതു വ്യക്തമാകുന്നുണ്ടു്. പൌരസ്ത്യരാജ്യങ്ങളിൽ വച്ചു ജപ്പാൻ രാജ്യം വ്യവസായത്തിനു പ്രസിദ്ധി നേടീട്ടുള്ളതിന്റെ പ്രധാനകാരണം അവിടെ ഇറക്കുമതി ചെയ്തുവന്നിരുന്ന വിദേശസാമാനങ്ങളെ നിയന്ത്രിച്ചു സ്വദേശവ്യവസായങ്ങളെ പോഷിപ്പിച്ചതാണു്. അങ്ങിനെ ചെയ്യാൻ ഒരു നാട്ടുരാജ്യമായ തിരുവിതാംകൂറിനു ഇപ്പോൾ നിവൃത്തിയില്ല. അതിനാൽ ഈ രാജ്യം വ്യവസായത്തിൽ അഭിവൃദ്ധിപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

[MR. TARIATU KUNJITOMMAN:]

ജനങ്ങൾക്കു ഐശ്വര്യം വർദ്ധിക്കുമെന്നു വിചാരിക്കാൻ ഇപ്പോഴും നിവൃത്തിയില്ല. ഈ രാജ്യത്തിന്റെ അഭിവൃദ്ധി ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ കൃഷിയെമാത്രം ആശ്രയിച്ചാണിരിക്കുന്നതു്. ഇവിടെ കൃഷിമാത്രമാണു ഭാവിസന്താനങ്ങൾക്കു ഉതകുന്ന ഏകതൊഴിൽ. ഈ രാജ്യത്തു തൊഴിലില്ലാതെ ആയിരക്കണക്കായി യുവജനങ്ങൾ കഷ്ടപ്പെടുന്നു എന്നും കമ്മിറ്റിയെ ഏർപ്പെടുത്തി നിവൃത്തി കണ്ടുപിടിക്കണമെന്നും ഈ കൌൺസിലിൽതന്നെ ഒരുപ്രമേയം കൊണ്ടുവരികയും അതിന്റെ ഫലമായി ഒരുകമ്മറ്റിയെ ഏർപ്പെടുത്തി അവരുടെനിർദ്ദേശങ്ങൾ വരുത്തുകയുംചെയ്തു. അതിൽപ്രധാനമായി നിർദ്ദേശിച്ചിരിക്കുന്നതു തൊഴിലില്ലാത്തവർക്കു പറ്റിയ തൊഴിൽ കൃഷിയാണെന്നാണു്. കൃഷിയല്ലാതെ തൊഴിലില്ല. സ്ഥലമില്ലാതെ കൃഷിയുമില്ലല്ലൊ. കൃഷിക്കു സ്ഥലം അത്യാവശ്യമാണു്. ഇവിടെ നോക്കുമ്പോൾ ആളൊന്നിനു ശരാശരി ൭ ൦ സെൻറുസ്ഥലമാണുള്ളതു്. എങ്ങിനെ കൃഷി അഭിവൃദ്ധിപ്പെടും? ഏതാനും തലമുറകൂടി കഴിയുമ്പോൾ ഇവിടത്തെ സ്ഥിതി ഇതിലും കഷ്ടമാകും. ഭൂസ്വത്തു ജനസംഖ്യ വർദ്ധിച്ചുവരുന്നതനുസരിച്ചു വിഭജിച്ചുവരുമ്പോൾ വളരെ കുറയുന്നു. എല്ലാ വർഗ്ഗക്കാരും ഭാഗം സ്വീകരിച്ചിരിക്കുന്നു. ഒരു കർഷകരാജ്യത്തു കൃഷിക്കു വേണ്ട സ്ഥലം വർദ്ധിപ്പിക്കാതെ ജനസംഖ്യ വർദ്ധിക്കുന്നു, എന്നുപറഞ്ഞാൽ ജനങ്ങളുടെ ഐശ്വര്യം ക്ഷയിച്ചുവരുന്നു എന്നല്ലെ അർത്ഥമാക്കേണ്ടതു?

ഈ രാജ്യത്തിലെ മുതലെടുപ്പു വർദ്ധിച്ചുവരുന്നതനുസരിച്ചു ജനങ്ങളുടെ ഐശ്വര്യവും വർദ്ധിച്ചുവരുന്നുണ്ടൊ? ഇല്ല. നൂതനമായ നികുതികൾ ഏർപ്പെടുത്തുകയും ഉള്ള നികുതികളുടെ നിരക്കു വർദ്ധിപ്പിക്കയും ചെയ്തു വമ്പിച്ച തുക ഭണ്ഡാരത്തിൽ സംഭരിക്കുന്നുണ്ടു്. അടുത്തകാലത്തുതന്നെ കോർട്ടുഫീസു, മുദ്രവില, രജിസ്റ്റർഫീസു് മുതലായവ വർദ്ധിപ്പിക്കയും, ടോ ഗേറ്റ്ഫീസു്, ആദായനികുതി ഇവകൾ ഏർപ്പെടുത്തുകയും ചെയ്തതിന്റെ ഫലമാണു ഇവിടത്തെ ഭണ്ഡാരത്തിന്റെ പരിപുഷ്ടി. അല്ലാതെ ജനങ്ങളുടെ ഐശ്വര്യം വർദ്ധിക്കുന്നതിന്റെ ഫലമല്ല.

ഇവിടത്തെ ജനങ്ങൾക്കു കൃഷിക്കു വേണ്ട സ്ഥലമില്ലെന്നു ഞാൻമുമ്പു പറഞ്ഞു. മറ്റു രാജ്യക്കാരെപ്പോലെ നമുക്കു കുടികയറി കൃഷിചെയ്യുവാൻ നിയമങ്ങളുമില്ല. ഈ പ്രതിസന്ധിയിൽ ഉള്ള സ്ഥലങ്ങളെ നാം ഭാവിയിലേയ്ക്കു കരുതി സൂക്ഷിക്കേണ്ടതാണു്. എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ വിശ്വവ്യാപകമായ സാഹോദര്യത്തെ ഒരിക്കലും നമുക്കു

LIBRARY ARCHIVES Kerala Legislative Assembly

വിസ്മരിക്കാൻ പാടുള്ളതുമല്ല. അതിനു ഭംഗംവരുത്തുന്നതുധർമ്മരാജ്യമെന്ന പ്രസിദ്ധി നേടീട്ടുള്ള നമ്മുടെ രാജ്യത്തിന്റെ അഭിമാനത്തിനു ഹാനികരമായിത്തീരുന്നതാണു്. അതുകൊണ്ടാണു സ്ഥലം ഒട്ടും വിദേശികൾക്കു കൊടുക്കാൻ പാടില്ലെന്നു പറയാതെ അഞ്ചേക്കറിൽ കൂടുതൽ കൊടുക്കാൻപാടില്ലെന്നു പറഞ്ഞതു്. "നിങ്ങളും ഞങ്ങളുടെ ഇടയിൽ വരിക, ഞങ്ങൾക്കു് ആളൊന്നിനു ൪൦ സെന്റു സ്ഥലമേയുള്ളു. ഞങ്ങളുടെ പത്തുമടങ്ങുസ്ഥലം നിങ്ങൾക്കുതരാം. ഞങ്ങളുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടു നിങ്ങളും ഇവിടെ നിവസിച്ചു നമ്മൾക്കു് യോജിച്ചു പ്രവർത്തിക്കാം." ഇതാണു എന്റെ പ്രമേയം കൊണ്ടു ഞാൻ പറയുന്നതു്. ഇവിടത്തെ ജനങ്ങളുടെ ഐശ്വര്യത്തിനു അത്യാവശ്യമായിട്ടുള്ള കൃഷിസ്ഥലങ്ങളെ സംരക്ഷിക്കേണ്ടതു നമ്മുടെ സ്വയരക്ഷക്കു് അത്യാവശ്യമാണു്. അയർലാന്റോ, സ്പെയിനോ, ക്യാനഡാ മുതലായ രാജ്യങ്ങളേയോ അല്ലെങ്കിൽ മലബാർ ജില്ലയോ മൈസൂരോ പോലെയോ ധാരാളം സ്ഥലങ്ങൾ കൃഷിചെയ്യാതെ നമുക്കു കിടന്നിരുന്നാൽ ആയിരക്കണക്കിനോ ലക്ഷക്കണക്കിനോ വിദേശികൾക്കു ഭൂമികൊടുക്കാമായിരുന്നു. പക്ഷേ ഇവിടത്തെ സ്ഥിതി ജനങ്ങൾ അധികവും ഭൂരഹിതരുമായിട്ടാണു്. ഈസ്ഥിതിക്കു് ഉള്ള ഭൂമിയെ സംരക്ഷിക്കാതേയിരിക്കാൻ നമുക്കു നിവൃത്തിയില്ല. ഭൂസ്വത്തു വിഭജിച്ചുവരുന്തോറും ജനങ്ങൾ ദാരിദ്ര്യത്തിൽആണ്ടുപോകുന്നു. നിത്യച്ചെലവുകഴിച്ചു മാസപ്പടിവാങ്ങി പട്ടണങ്ങളിൽ വസിക്കുന്ന ആളുകൾക്കു ഈസംഗതി അറിയാൻ അനുഭവസ്ഥരെപ്പോലെ അത്ര സാധിക്കയില്ല. അതു അവരുടെ തെറ്റല്ല. ആയിരപ്പറനിലം പത്തംഗങ്ങൾക്കായിട്ടു വിഭജിക്കുമ്പോൾ ൧൦൦ പറനിലം ഒരാൾക്കു കിട്ടും. അടുത്തതലമുറയ്ക്കു ഇതുപോലുള്ള ഭോഗത്തിൽ ഒരാൾക്കു ൧൦ പറനിലമെ കിട്ടൂ. ഇങ്ങനെ വീതിച്ചുവീതിച്ചു ഒടുവിൽ ആകുമ്പോൾ ആളോഹരി ഭൂസ്വത്തു നശിക്കുന്നു. ഈ നിലയിൽ നികുതി മറൊരുഭാഗത്തുകൂടി വർദ്ധിപ്പിച്ചു ഭണ്ഡാരം പോഷിപ്പിക്കുന്നുമുണ്ടു്. കൃഷിക്കാരുടെ കോശസ്ഥിതി വർദ്ധിക്കുന്നതിനുപകരം അധോഗതിയാണു കണ്ടുവരുന്നതു്. കൃഷിക്കാരുടെയിടയിൽ സഞ്ചരിച്ചു അവരുടെ ശോച്യാവസ്ഥ നല്ലവണ്ണം അറിയാവുന്ന ഏതു ജനപ്രതിനിധിക്കും ഈ സ്ഥിതിയെപ്പറ്റി ഗാഢമായി ചിന്തിക്കാതിരിക്കാൻ നിവൃത്തിയില്ല. കൃഷിക്കുള്ള പരിമിതമായ സ്ഥലത്തു അസാധാരണമായ വിളവുണ്ടാക്കാൻ ഉള്ള ഉദ്യോഗങ്ങൾ നാം കൈക്കൊണ്ടു ഫലിപ്പിക്കുന്നതിനു ഇവിടത്തെ കൃഷിഡയറക്ടരുടെ പരിശ്രമം കൊണ്ടു സാധിച്ചിട്ടില്ല. ഞാൻ കൃഷിഡിപ്പാർട്ടുമെന്റിനെ കുറ്റംപറ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu kunjitomman.]

യുകയല്ല. അവർ പരിശ്രമം ചെയ്യുന്നുണ്ടെങ്കിലും ഉദ്ദേശിക്കുന്നഫലം ലഭിക്കുന്നില്ല. ഈ രാജ്യത്തു ഒട്ടുവളരെ റിസർവുവനങ്ങൾ ഉണ്ടു്. അതിൽ ഏതാനും ചില്ലറ അംശമായി ഭാഗിച്ചു ഈ രാജ്യത്തെ തൊഴിലില്ലാത്ത യുവാക്കന്മാക്കു പതിച്ചുകൊടുക്കണം. ഇതിനെ സംബന്ധിച്ചു ഞാൻ ഒരു പ്രമേയം അയച്ചിരുന്നു. അതു ബാലട്ടിൽ കിട്ടിയില്ല.

ഇവിടത്തെ സ്ഥിതി ഈ നിലയിൽ ഇരിയ്ക്കുന്നതുകൊണ്ടു ഒരേക്കറിൽ കൂടുതൽ വിദേശികൾക്കു കൊടുക്കാൻ പാടില്ല. ഈ പ്രമേയം രാജ്യത്തിന്റെ ഭാവി ഐശ്വര്യത്തെ ലാക്കാക്കിയുള്ളതും ഇവിടത്തെ ജനങ്ങളുടെ സ്വയരക്ഷയ്ക്കു് അത്യന്താപേക്ഷിതവുമായ ഒന്നാണു്. അതുകൊണ്ടു എല്ലാപ്രതിനിധികളും ഇതിനെ സ്വീകരിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. ഇവിടത്തെ സ്വദേശിയായ ഒരു രാജ്യതന്ത്രജ്ഞൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "നിങ്ങൾ എന്റെ ജാതി, എന്റെ ജാതി എന്നുപറയുന്നതിനെവിട്ടു എന്റെ രാജ്യം, എന്റെരാജ്യം എന്നു ഓതുവാൻ പ്രവർത്തിപ്പിൻ." ആ ഉപദേശം ഇങ്ങിനേയുള്ള കാര്യങ്ങളെ ഉദ്ദേശിച്ചാണു നാം കീർത്തിയുള്ളതെന്നോർത്തു നമ്മുടെ രാജ്യത്തിന്റെ ഭാവി ഐശ്വര്യത്തെ ലാക്കാക്കിയുള്ള ഈ പ്രമേയത്തെ എല്ലാ ജനപ്രതിനിധികളും ആദരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു വിരമിക്കുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*): അഞ്ചേക്കറിൽ കൂടുതൽ സ്ഥലം ലേലംവിളിച്ചു വിദേശികൾക്കു കൊടുക്കുന്നതിൽ വിരോധമുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) ലേലംവിളിച്ചാലും പതിച്ചുവേണമല്ലൊ കൊടുക്കാൻ.

MR. ITTOOP ITTEECHAN (*Kunnatnad*): വിദേശികൾക്കു ലേലത്തിൽപിടിക്കരുതോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ലേലത്തിൽവിളിച്ചാലും ഒടുവിൽ പതിച്ചാണു കൊടുക്കുന്നത്. അഞ്ചേക്കറിൽ കൂടുതൽ ഭൂമി വിദേശികൾക്കു ഒരു വിധത്തിലും പതിച്ചുകൊടുക്കരുതെന്നാണു എന്റെ പ്രമേയസാരം.

MR. G. P. NILAKANTA PILLAI (*Karunagapalli*): വിദേശികൾ എന്ന പദം ആരെ ഉദ്ദേശിച്ചാണു് പ്രയോഗിച്ചിരിക്കുന്നതു്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇംഗ്ലീഷിൽ പറയുന്നവർ മലയാളത്തിൽ ചോദിക്കുന്നതു പ്രസിഡണ്ടിന്റെ രൂപിങ്ങനുസരിച്ചു് ശരിയാണോ എന്നു സംശയമാണു്. കൌൺ

LIBRARY ARCHIVES Kerala Legislative Assembly

സിൽചോദ്യങ്ങളുടെ ഉപചോദ്യങ്ങൾക്കുള്ള മറുപടി മാത്രമേ ഇംഗ്ലീഷിൽ പറയുന്നവർക്കു മലയാളത്തിൽ പറയാൻ അനുവദിച്ചിട്ടുള്ളൂ. അതുകൊണ്ടു ഞാൻ ഈ ചോദ്യത്തിനു ഉത്തരം പറയുന്നതും പ്രസിഡണ്ടിന്റെ വിളിഞ്ഞനുസരിച്ചു ശരിയായിരിക്കുമോഎന്നു സശംയിക്കുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*): വിദേശികർ എന്നുവച്ചാൽ തിരുവിതാംകൂറിനു പുറത്തുള്ള ആളുകൾ ആണെന്നാണോ മെമ്പർ വിചാരിക്കുന്നത്?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): വിദേശികൾ എന്നുള്ളതിനു ഗവണ്മെൻറു ഒരർത്ഥം കൊടുത്തിട്ടുണ്ടു്. മുമ്പു വിദേശികൾക്കു ഉദ്യോഗം കൊടുക്കുന്നതിനെപ്പറ്റി ഇതുപോലെ ഒരു വാദം വന്നപ്പോൾ ഗവണ്മെൻറുതന്നെ അർത്ഥവിവക്ഷ ചെയ്തിട്ടുണ്ടു്. വിദേശികർ എന്ന പദത്തിനു എന്തർത്ഥമാണോ ഇപ്പോൾ ഉള്ളതു് ആ അർത്ഥംതന്നെയാണു് ഞാൻ ഇവിടെ കൊടുത്തിട്ടുള്ളതു്. അതിനു ഇപ്പോൾ ഒരു വ്യാഖ്യാനമോ വിവരണമൊ ആവശ്യമില്ല.

MR. R. RAMAN PILLAI (*Kottayam*): മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. തിരുവിതാംകൂറിലെ ജനങ്ങളിൽ പാക്കാൻപോലും സ്ഥലമില്ലാതെ വലയുന്നവർ ധാരാളമുണ്ടു്. കോട്ടയം താലൂക്കിലെ ഏറുമാന്തുരിലെ ചില ഭാഗംക്രൂടി ചേക്കുന്നതിനുമുമ്പു്–ജനങ്ങളുടെ അവസ്ഥയെസംബന്ധിച്ചു ഒരന്വേഷണം ഞാൻ നടത്തിയതിൽ ഫൻ ശതമാനം ജനങ്ങൾക്കു വഷ്ത്തിൽനിന്നും സൂയ്ാതപത്തിൽനിന്നും അവരുടെ ഉത്തമാംഗത്തെപോലും ആശ്വാദനം ചെയ്യുന്നതിനു സ്ഥലമില്ലാത്തവരായിട്ടു കണ്ടിരുന്നു. ഇന്നത്തെ അവസ്ഥ അതിലും ക്രൂടുതൽ കഷ്ടത്തിലാകാതെയിരിക്കാൻ തരമില്ല. തീയ്യന്മാരുടെയും നായന്മാരുടെയും നിയമങ്ങൾ പ്രചാരത്തിൽ വന്നതോടുക്രൂടി വസ്തുക്കൾഎല്ലാം ഭാഗംചെയ്തു. ആ ഭാഗംചെയ്തുകിട്ടിയ ചെറിയ അംശത്തെ വിറ്റു സൈക്കിളും, സിഗാറും, സിഗററ്റുംവാങ്ങി നശിപ്പിച്ചു, കിടക്കാൻപോലും സ്ഥലം ഇല്ലാതെ കഷ്ടപ്പെടുന്ന ധാരാളം ജനങ്ങൾ ഇന്നു ഈ രാജ്യത്തു് ഉണ്ടെന്നാണു് എന്റെ അറിവു്. എന്നാൽ തിരുവിതാംകൂറിൽ ഏറിയക്രൂറു ഇപ്പോൾ റിസർവ്വനമായികിടപ്പുണ്ടു. അതെല്ലാം ഗവണ്മെൻറിന്റെ പൂർണ്ണാധികാരത്തിൽ വച്ചിരിയ്ക്കയാണു്. ഈ തിരുവിതാംകൂർ രാജ്യമാകട്ടെ നമ്മുടെ പൂർവ്വികന്മാരുടെ രക്തം ചൊരിഞ്ഞു സമ്പാദിച്ചു തിരുവിതാംകൂർ ഗവണ്മെൻറിനെ ഒരു ട്രസ്റ്റി എന്ന നിലയിൽ ഏല്പിച്ചിരിക്കുന്നുഎന്നാണു് എന്നു ഞാൻ പറഞ്ഞാൽ അതു ഗവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

ണ്മൻറ വകവച്ചതരുമെന്ന എനിക്കുതന്നെ ബോദ്ധ്യമില്ല. എങ്കിലും ഒരു കാലത്തു ഇതു ഗവണ്മെൻറ വകവച്ചതരും എന്നാണ്. എന്റെ ഉത്തമ വിശ്വാസം. ഇപ്രകാരം ഗവണ്മെൻറ കൈവശം വച്ചുകൊണ്ടിരിക്കുന്ന വസ്തുക്കളെ ഭാവി സന്തതികളുടെ അനുഭവത്തിനുവേണ്ടി സംരക്ഷിച്ചുകൊണ്ടിരിക്കയല്ലാതെ അതിനെ അന്യായമായി ആവശ്യത്തിലധികം വിദേശികൾക്കു കൊടുക്കുന്നതു യഥാർത്ഥ തിരുവിതാംകൂർകാർക്കു സങ്കടംതന്നെയാണ്. ഇതിൽനിന്നും വിദേശികൾക്കു ഒട്ടുംതന്നെ സ്ഥലം പതിച്ചു കൊടുക്കരുതെന്ന എനിക്കോ, മിസ്റ്റർ കുഞ്ഞിത്തൊമ്മനോ, മറാക്കുംതന്നെയോ അഭിപ്രായമുള്ളതായി ആരും തെറ്റിധരിക്കേണ്ട ആവശ്യമില്ല. സാഹോദര്യം എന്നുള്ള മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമാണം വളരെ ആദരണീയമാണ്. ആരായാലും നമ്മുടെവീട്ടിൽ വന്നാൽ ഒരു ദിവസത്തെ ആഹാരം കൊടുക്കേണ്ടതും ഒരു ദിവസം അവരെ സൽക്കരിക്കേണ്ടതും നമ്മുടെ ചുമതലയാണു. അപ്രകാരംതന്നെ നമ്മുടെ രാജ്യത്തു വരുന്ന ആളുകൾക്കു ഇരിക്കാനുള്ള സ്ഥലം നാമും കൊടുക്കേണ്ടതുണ്ട്. എന്നാൽ നമ്മെക്കാൾ ശക്തിയുള്ള ആളുകൾ നമ്മുടെരാജ്യത്തു വന്നു നമ്മുടെ സന്തതികൾക്കായിട്ടു സൂക്ഷിച്ചിരിക്കുന്ന ഭൂമിയെ ഒന്നാകെ കൈവശപ്പെടുത്തി ആദായം എടുത്തുകൊണ്ടുപോകുന്നതുകൊണ്ട് നമ്മുടെ രാജ്യനിവാസികൾക്കു യാതൊരുപ്രയോജനവുമുണ്ടാകുന്നതല്ല.

ആസ്ത്രേലിയാ, ക്യാനഡാ മുതലായ രാജ്യങ്ങളിൽ പലഭാഗവും പലരും പിടിച്ചടക്കി അതു അവരുടെ കോളനിയാക്കിവച്ചു അവരുടെ ആളുകളെതന്നെ എപ്പോഴും അവിടത്തേക്കയച്ചുവരുന്നുണ്ട്. നമുക്ക് അതിനു മാർഗ്ഗമില്ല. മേലാൽ നമുക്കു അങ്ങിനെ സൌകര്യം ലഭിക്കുമെന്നു വിചാരിക്കാനും വഴിയില്ല. അതുകൊണ്ടു ഇവിടെവരുന്ന വിദേശികൾക്കു നമ്മുടെ ശക്തിക്കു തക്കവണ്ണമേ സഹായംചെയ്യാൻ പാടൊള്ളൂ. ഈ പ്രമേയത്തിൽ വിദേശികൾക്കു ൫ ഏക്കറിൽ കൂടുതൽ ഭൂമി കൊടുക്കരുതെന്നു മാത്രമേയൊള്ളൂ. സ്വദേശികൾക്കും ൫ ഏക്കറിൽ കൂടുതൽ ഭൂമി പതിച്ചുകൊടുക്കരുതെന്ന എനിക്കഭിപ്രായമുണ്ട്. എന്നാൽ ലാ മെമ്പർ അതിനു തക്കം പറയുമായിരിക്കും. അതുകൊണ്ടു അദ്ദേഹത്തിന്റെ എടുപ്പിനെ ഭയന്നു ഞാൻ അതിനെപ്പറ്റി ഒന്നുംതന്നെ പറയുന്നില്ല. നമ്മുടെ പൂർവീകന്മാർ സമ്പാദിച്ചു നമ്മുടെ ഗവണ്മെൻറിന്റെ കൈവശത്തിലിരിക്കുന്നതായ വസ്തുക്കളെ നമ്മുടെ ഭാവിസന്താനങ്ങളുടെ ഐശ്വര്യത്തെ സംരക്ഷിക്കുന്നതിനായി സൂക്ഷിച്ചു വച്ചുകൊണ്ടിരിക്ക

LIBRARY ARCHIVES Kerala Legislative Assembly

ണം എന്ന ആഗ്രഹം എനിക്കുണ്ട്. ഈ ആഗ്രഹത്തെ അറിയിച്ചുകൊണ്ട്, ഈപ്രമേയത്തിന്റെ ഗതിയെ അടിസ്ഥാനമാക്കി ഒരു കൂടുതൽ വിദേശികൾക്കു പതിച്ചുകൊടുക്കരുതെന്നുള്ള എന്റെ അഭിപ്രായത്തെ സശ്രദ്ധം ഈ കൌൺസിലിൽ സമർപ്പിച്ചുകൊള്ളുന്നു.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, I beg to move the following amendment to the resolution moved by Mr. Kunjitomman:—

Delete the words "in this country" between "land" and "be" and add at the end "and that a legislation be enacted to prohibit the sale of lands registered in future by Travancoreans to foreigners".

Sir, the resolution as amended will read as follows:—

"This Council recommends to the Government that not more than 5 acres of land be assigned to any foreigner and that a legislation be enacted to prohibit the sale of lands registered in future by Travancoreans to foreigners".

My object in moving this amendment is to give completeness to the resolution moved by my friend Mr. Kunjitomman and if the resolution should have the desired effect a legislation should be enacted that lands assigned to Travancoreans should not be sold to foreigners.

Mr. Kunjitomman and Mr. Raman Pillai have in strong terms dwelt on the necessity for conserving the natural resources of our State for the prosperity of the people. That being the desire of the members who tabled this resolution and supported it, I think if a legislation ... ...

MR. MURUVELIL PACHU PILLAI (*Shertallai*): മെമ്പർ ഉദ്ദേശിക്കുന്നതു ഇനിമേൽ പതിക്കുന്ന ഭൂമികളെ സംബന്ധിച്ചാണോ?

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): In the future. The amendment is very clear. That being so, if there is no legislation to the effect that the lands registered to Travancoreans in the future should be prevented from being sold to foreigners, it amounts to the fact that greater harm will be done to the State by having this freedom given to the people alone. As a matter of fact if the lands are freely registered without any prohibition as to the sale of these lands, an X or a Y may apply for a thousand acres of land being registered in his name and he being a Travancorean has got every right to have it registered and that X or Y after having it registered in his name may sell it to a foreigner. Then I ask, Sir, is this resolution having the desired effect which Mr. Kunjitomman wants it to have? If the real motive is that our lands should be conserved for the people of this State and for the posterity, then it should be that those who get lands assigned should not in future sell them to foreigners. Such a legislation is not new to Travancore. In the Punjab we have got the Land Alienation Act which clearly says that lands registered to one class of people should not be sold to another class but they and they alone should cultivate the lands, and improve them. Similarly, if a legislation is enacted here that lands registered in future to Travancoreans should not be sold to foreigners, there will be the—

LIBRARY ARCHIVES Kerala Legislative Assembly

MR. MATTHEW MURIKKAN (*Vaikam*) : May I know from the member whether the amendment is in keeping with the Alienation Act referred to?

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : The amendment is for an Alienation Act. I believe the member has understood me. Sir, as I said, unless there is an Alienation Act, it may amount to any land owner applying to Government for a thousand acres or two thousand to be registered in his name and directly apply to some foreigner in Canada or England telling him that he has got one thousand acres or two ready for sale, that he has got them registered in his name and that he is prepared to part with them in sale if he comes here. If that should be the case, I ask, Sir, has this resolution the desired effect? Therefore, Sir, I move that the amendment also be included and I am sure the members of this House and Mr. Kunjitomman will agree with me in thinking that unless this amendment and this legislation is had, there will not be the desired effect of Mr. Kunjitomman in requesting the Government not to register lands to foreigners. This will mean that Government cannot register the lands to foreigners but a Travancorean can get it registered in his name and then sell it to a foreigner, and what the Government cannot do, a Travancorean can do. I, therefore, strongly request the members of this House and Mr. Kunjitomman to accept this amendment for a legislation to prevent Travancoreans selling lands to a foreigner.

MR. P. S. MAHOMED (*Nominated*) : മിസ്റ്റർ പിറവിപെരുമാൾപിള്ള ഇവിടെ ഹാജരാക്കീട്ടുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തിൽ ഉദ്ദേശിച്ചിട്ടുള്ള പൂർണ്ണമായ ഫലം ലഭിയ്ക്കണം എന്നു വരികിൽ, മിസ്റ്റർ പിറവിപെരുമാൾ പിള്ളയുടെ ഭേദഗതി അത്യാവശ്യമായിട്ടാണിരിയ്ക്കുന്നത്. ധാരാളം പണം ഉള്ള വിദേശിയർ ഇവിടെ വന്നു നൂറും ആയിരവും ഏക്കർ സ്ഥലം പതിച്ച്, പറ തിരുവിതാംകൂറിലെ ആളുകൾക്ക് വേണ്ടിടത്തോളം സ്ഥലം ലഭിക്കാത്ത നിലയിൽ വരാതിരിക്കുന്നതിനാണു, മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ എന്റെ സ്നേഹിതൻ മിസ്റ്റർ രാമൻ പിള്ളയുടെ പ്രസംഗത്തിൽനിന്നും മനസ്സിലാകുന്നത് പൂവ്വികന്മാർ സമ്പാദിച്ചിട്ടുള്ള വസ്തുക്കൾ പോലും വിറ്റ് സൈക്കിളും ബീഡിയും വാങ്ങിയ്ക്കുന്നതിനു സന്നദ്ധന്മാരായ ആളുകൾ നമ്മുടെ നാട്ടിൽ ധാരാളം ഉണ്ടെന്നാണ്. ഗവണ്മെൻറിൽനിന്നും നാട്ടുകാക്ക് പതിച്ചു കൊടുക്കുന്ന ഭൂമികൾ പോലും അന്യദേശിയർ വന്നു വലിയ തുകകൊടുത്തു വാങ്ങിക്കൊണ്ട് പോകാതെയിരിയ്ക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഈ അമെൻറുമെൻറു ഇവിടെ ഹാജരാക്കീട്ടുള്ളത്. തിരുവിതാംകൂറിലുള്ള ജനങ്ങളുടെ പേരിൽ പതിയുന്ന ഭൂമികൾ അവരും അവരുടെ സന്താനങ്ങളും അനുഭവിയ്ക്കുന്നതിനു എന്തെങ്കിലും ഏർപ്പാട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ടതാണ്. അതിലേയ്ക്കുപയുക്തമായ ഈ അമെൻഡുമെൻറിനെ ഞാൻ ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഞാൻ ഈ ഭേദഗതിയെ ചിലകാരണങ്ങളാൽ സ്വീകരിയ്ക്കുന്നില്ല. ഒന്നാമത്തു് ഇതു് ഒരു ഭേദഗതിയല്ല. ഒരു പുതിയ പ്രമേയം ആയിട്ടു് വേണം ഇതിനെ വിചാരിയ്ക്കാൻ. അതു് ഈ കൌൺസിലിൽ പ്രത്യേകമായി അയച്ചു് ബാലട്ടിൽ കിട്ടേണ്ടതാണു്.

ഞാൻ ഇവിടെ കൊണ്ടുവന്നിരിയ്ക്കുന്ന പ്രമേയം അഞ്ചു ഏക്കറിൽ കൂടുതൽ ഭൂമി വിദേശിയക്കു് പതിച്ചു കൊടുക്കാൻ പാടില്ലാ എന്നുള്ളതാണു്. ഭേദഗതി സ്വദേശികൾ മേലിൽപതിക്കുന്ന ഭൂമി വിദേശികൾക്കു് വില്ക്കാൻ പാടില്ലാ എന്നുള്ളതാണു്. അതു് ജനങ്ങളുടെ സിവിൽ അവകാശത്തെ ബാധിയ്ക്കുന്നതാണു്. എന്റെ പ്രമേയം റവന്യൂ അവകാശമാണു്. ഒരു ഭേദഗതി കൊണ്ടു വരുന്നതു ഇനി മേലാൽ പതിയ്ക്കുന്ന വസ്തുക്കളെ വിദേശികൾക്കു കൈമാറ്റം ചെയ്തു കൊടുക്കരുതെന്നുമാത്രമാണു്. അതുകൊണ്ടു വിദേശികൾക്കു മുമ്പു പതിച്ചിട്ട ഭൂമി വാങ്ങുന്നതിനു തടസ്സമില്ലല്ലോ.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Does the member know that an amendment is as good as a resolution?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഇതിനും പുറമെ വിദേശികൾക്കു ഭൂമി വാങ്ങണമെന്നു് ആഗ്രഹമുണ്ടായിരുന്നാൽ ഭൂമിയുടമസ്ഥനും അവിടേയ്ക്കുകൂടി യോജിച്ചു് ഏതെങ്കിലും ഒരു തുക വാങ്ങിട്ടുണ്ടെന്നുള്ള കാരണം കാണിച്ചു കോർട്ടിൽ കേസ് കൊടുത്തു വസ്തു ലേലത്തിൽ വാങ്ങാം. ആ ഭാഗത്തേയും ഒരു ഭേദഗതി തടയുന്നില്ല. ഇതിനെല്ലാം പ്രതിവിധിയുണ്ടാകണമെങ്കിൽ അതിനു പ്രത്യേകം ഒരു പ്രമേയം കൊണ്ടു വന്നാൽ മാത്രമേ സാധിക്കയൊള്ളു. ഞാൻ തന്നെ സ്വദേശികൾക്കും ൨൦ ഏക്കറിൽ കൂടുതൽ ഭൂമി പതിച്ചു കൊടുക്കരുതെന്നു് കാണിച്ചു ഒരു പ്രമേയം അയച്ചിരുന്നു. അതു ബാലട്ടിൽ കിട്ടിയില്ല. വിദേശികൾക്കു ഒട്ടും തന്നെ ഭൂമികൊടുക്കാൻ പാടില്ലെന്നു പറയുന്നതു മനുഷ്യവർഗ്ഗത്തിന്റെ സാഹോദര്യത്തിനും യോജിച്ചതല്ല. ൫ ഏക്കറിൽ കൂടുതൽ ഭൂമി വിദേശികൾക്കു കൊടുക്കാൻ പാടില്ലെന്നു പറഞ്ഞാൽ അതിൽ ന്യായമുണ്ടു്.

MR P. S. MAHOMED (*Nominated*): വിദേശികൾക്കു ഒട്ടും ഭൂമി കൊടുക്കാൻ പാടില്ലെന്നല്ലാതെ സ്വദേശികൾക്കു പതിച്ചു കൊടുക്കാൻ പാടില്ലെന്നു അർത്ഥം വരുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഭൂമി പതിച്ചു വാങ്ങി വിദേശിക്കു വില്ക്കാൻ പാടില്ല എന്നല്ലെ ഭേദഗതിയുടെ അർത്ഥം. ഈ ഏക്കർ എന്നു നിയന്ത്രിക്കണമെന്നു ഭേദഗതിയിൽ പറയുന്നില്ല. നാം പട്ടിണികിടന്നാലും മറ്റുള്ളവരെ സൽക്കരിക്കുമെന്നുള്ള കീർത്തി നമുക്കുണ്ട്. നമ്മുടെരാജ്യം ധർമ്മരാജ്യമെന്നു പേരുനേടിട്ടുള്ളതു ഇതു കൊണ്ടാണു്. വിദേശികൾക്കു ഒട്ടും ഭൂമി കൊടുക്കാൻ പാടില്ലെന്നുള്ള അഭിപ്രായത്തെ ആദരിക്കാനും എനിക്കു നിവൃത്തിയില്ല. അതിനാൽ ഞാൻ ഒരു ഭേദഗതിയെ സ്വീകരിക്കാതെ നിരസിച്ചു കൊള്ളുന്നു.

MR. R. RAMAN PILLAI (*Kottayam*): മിസ്റ്റർ പിറവിപെരുമാൾപിള്ളയുടെ ഭേദഗതി ഒരിഞ്ചു ഭൂമിപോലും വിദേശികൾക്കു കൊടുത്തു കൂടാന്നാണു. അതിനെ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ സ്വീകരിക്കുന്നില്ല. ആ ദ്വേഹത്തിന്റെ അഭിപ്രായത്തോടു ഞാനും യോജിച്ചു കൊള്ളുന്നു.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): I presume, Sir, we speak on the amendment now. The resolution and the amendment practically form a revision of the question of the assignment of lands to foreigners, which was the subject of an elaborate discussion in the Council in August 1927. And the views of the Government have already been clearly expressed at that time. Apparently, Mr. Kunjitomman wants to revive the controversy, in spite of the assurance of Government, that every facility is being given and will always be given for Travancoreans to acquire lands in Travancore in preference to foreigners, and in spite of the fact that at that meeting Mr. Kunjitomman himself voted against that resolution. I cannot understand why he has turned round now. Rule 47 of the *puduval* Rules clearly lays down that no land can be assigned without the sanction of Government to any person other than a subject of His Highness the Maha Raja. If the member's resolution is carried, it will put us in a most ridiculous position. I can give you specific instances of what occurred years ago when I was at Devicolam as Commissioner. There was a clamour for cardamom lands and we suggested that Travancoreans should have preference in getting these lands. The applicants were mostly from British India. The then Dewan, Sir P. Rajagopalachari, declared that Travancoreans would have preference with the result that the subordinates of the various departments applied for and got lands registered in their names and soon transferred them to foreigners. We had instances of peons applying for two hundred and three hundred acres of cardamom lands which they transferred to foreigners soon after registry. Now, there is nothing in the resolution to prevent this being done in the future. Therefore, this resolution will naturally reduce us to a ridiculous position.

Besides, Travancoreans own lands in British India and elsewhere; and it will therefore be inadvisable to lay down a rule that foreigners

LIBRARY ARCHIVES Kerala Legislative Assembly

cannot acquire land in Travancore, since they can retaliate and turn round against Travancoreans who own lands in Cochin, British India and other places.

Then again there are large areas lying idle in the State which the people of the State do not take up. It is not advisable to keep these lands idle. If these lands are opened up, it means more employment of labour; and in every way it is beneficial to the country and to the people.

PRESIDENT: Are you talking to the amendment or to the resolution?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): The amendment says that the lands should be brought under cultivation when not taken by anybody.

PRESIDENT: That is not the amendment.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): It would be most unwise to pass such a piece of legislation since it will lead to retaliation on Travancore.

I do not think there is anything further to be said on the matter as it has been threshed out in the Council in August 1927. The Council then decided against the resolution and Mr. Kunjitomman himself voted against it.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): I hope the resolution as amended is under discusssion.

MR. MURUVELIL PACHU PILLAI (*Shertallai*): സർ, എന്റെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞിതൊമ്മൻ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഇതിനെ ഞാൻ പിൻതാങ്ങുന്നത് വിദേശികൾക്കു ഭൂമികൊടുക്കാതിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല. ഈനാട്ടിലെ പ്രജകളുടെ ഗുണത്തെ ഉദ്ദേശിച്ചു മാത്രമാണ്.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): May I know from the member whether he is opposing or supporting the amendment.

MR. MURUVELIL PACHU PILLAI (*Shertallai*): I am supporting the resolution.

PRESIDENT: It is the amendment that is under discussion now.

MR. MURUVELIL PACHU PILLAI (*Shertallai*): Then I am supporting the resolution and not the amendment now before the House.

അമെൻറുമെൻറിനെ അപ്പോസ് ചെയ്യുന്നു. മിസ്റ്റർ കുഞ്ഞിതൊമ്മൻ ഹാജരാക്കീട്ടുള്ള പ്രമേയത്തെ പിൻതാങ്ങുന്നു. ഈ രാജ്യത്തിന്റെ ആകെ ഉള്ള വിസ്തീർണ്ണം ൩൦൦൦ ചതുരശ്രമൈലാണ്. അതിൽ ജലമായും വനമായുംമറും വളരെ ഭാഗം പോകുന്നുണ്ട്. അതു നീക്കിയാൽ പിന്നെ കൃഷിക്കുപയോഗമായിട്ടുള്ള സ്ഥലം വളരെ കുറവാണ്. ഈ രാജ്യത്തിലെ ഇപ്പോഴത്തെ ജനസംഖ്യയനുസരിച്ച്.....

LIBRARY ARCHIVES Kerala Legislative Assembly

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : Am I then to understand from the member that instead of Government registering lands to foreigners, Travancoreans should get them registered and then sell them to foreigners?

MR. MURUVELIL PACHU PILLAI (*Shertallai*): അതുമാത്രം റെസ്ട്രിക്ഷൻ ഇപ്പോൾ ആവശ്യമില്ല.

രാജ്യത്തിന്റെ ഗുണത്തെ ബലികഴിച്ചും അവനവന്റെ സ്വന്തശ്രമത്തെ ഉപേക്ഷിച്ചും വിദേശികൾക്കു ഭൂമിവിൽക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തിരുവിതാംകൂർകാർ ഭൂമി പതിച്ചുവാങ്ങിക്കുമെന്നു ഇപ്പോൾ വിചാരിച്ചിട്ടാവശ്യമില്ല.

MR. P. S. MAHOMED (*Nominated*): കുടുംബത്തെക്കൂടി നശിപ്പിച്ചുപ്രവത്തിക്കുന്നു എന്നുള്ള സംഗതി അറിയാമോ?

MR. MURUVELIL PACHU PILLAI (*Shertallai*): എല്ലാമനുഷ്യരിലും വൃത്യസ്തം ഉള്ളതു കൊണ്ടു ഈ കാര്യത്തിലും കുറേപേർ കാണുമായിരിക്കാം. എന്നല്ലാതെ പൊതുവായിട്ടു അങ്ങിനെ പ്രവത്തിക്കുന്നവരെയൊള്ളു എന്നു സമ്മതിക്കുവാൻ ഞാൻ തയ്യാറില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഈ അമൻഡുമെൻറു പോലെ ഒരു പ്രമേയം അടുത്ത കൌൺസിലിൽ കൊണ്ടു വന്നുകൂടെ?

MR. MURUVELIL PACHU PILLAI (*Shertallai*) : ആവാം. നമുക്കു ആവശ്യപ്പെട്ടപ്പോൾ അങ്ങിനെ ഒരു നിയമം ഉണ്ടാക്കാം.

MR. P. S. MAHOMED (*Nominated*) : ഇപ്പോൾ സ്വദേശികൾ വിദേശികൾക്കു ധാരാളം ഭൂമി വില്ക്കുന്നുണ്ടെന്നറിയാമോ?

MR. MURUVELIL PACHU PILLAI (*Shertallai*) : ഉണ്ടായിരിക്കാം. പക്ഷേ വിദേശികൾക്കു വിൽക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിപതിച്ചുഭൂമിയാണോ വിൽക്കുന്നതെന്നു എനിക്കു സംശയമാണ്.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Then, where is the objection to accept the amendment?

MR. MURUVELIL PACHU PILLAI (*Shertallai*) : രാജ്യത്തിന്റെ ഗുണത്തിനുവേണ്ടി വിദേശികൾക്കു ഭൂമി വിൽക്കാൻ പാടില്ലെന്നു ഒരു നിയമം ഉണ്ടാക്കേണ്ട ആവശ്യം ഇപ്പോഴുണ്ടെന്നു എനിക്കഭിപ്രായമില്ല.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : In the interests of the country will it not be preventive?

MR. MURUVELIL PACHU PILLAI (*Shertallai*): അങ്ങിനെ ഒരു നിയമം ചെയ്യേണ്ട ആവശ്യം ഇപ്പോഴുണ്ടെന്നു എനിക്കു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ , ൫ ഏക്കറിൽ കൂടുതൽ ഭൂമി വിദേശികൾക്കു പതിച്ചുകൊടുക്കാൻ പാടില്ല എന്നുള്ള നിബന്ധം മതിയാകും. അതോടുകൂടി തിരുവിതാംകൂർകാർ പതിച്ചു എടുക്കുന്നവസ്തു ഒരിക്കലും വിദേശികൾക്കു വിൽക്കുവാനും പാടില്ല എന്നുകൂടി ഒരു നിയമം വിദേശികളെ സംബന്ധിച്ചിടത്തോളം ഒരേ സമയത്തു പാസ്സാക്കികിട്ടണമെന്നു പറയുന്നതു അനൌചിത്യമാണു്. ഇപ്പോൾ അഞ്ചേക്കറിൽ കൂടുതൽ ഭൂമി പതിച്ചുകൊടുക്കരുതെന്നു നിർബന്ധിക്കയും പിന്നീടു ആവശ്യമെന്നു കണ്ടാൽ വിദേശികൾക്കു ഭൂമി വില്ക്കരുതെന്നു കൂടി ഒരു നിയമം വേണമെന്നു ആവശ്യപ്പെടുകയും ചെയ്യുന്നതു നന്നായിരിക്കും എന്നാണു എന്റെ അഭിപ്രായം.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Does the member know that at present individuals register lands in their names and sell them to foreigners ?

MR. MURUVELIL PACHU PILLAI (*Shertallai*): ഇവിടത്തെ വനങ്ങളും മറ്റു ജലവിഭാഗങ്ങളും ഒഴിച്ചാൽ കൃഷിക്കുപയോഗമായ ഭൂമി വളരെ കുറച്ചുമാത്രമെയൊള്ളു. ഇപ്പോഴത്തെ ജനസംഖ്യയുടെ കണക്കനുസരിച്ചു ഒരാൾക്കു കിട്ടുന്ന കൃഷിസ്ഥലം നാല്പതു സെന്റിൽ കൂടുതൽ ഇല്ല. ഈ നിലക്കുവിദേശികൾക്കു ധാരാളമായിട്ടു സ്ഥലം പതിച്ചുകൊടുക്കാൻ നാം സമ്മതിക്കുന്നതു രാജ്യത്തിനു് പൊതുവെ വലിയ ദോഷമാണു്. വിദേശികൾ ഇവിടെ ധാരാളമായി ഭൂമി സമ്പാദിച്ചു റബ്ബർ, ഏലം, തേയില മുതലായ കൃഷികൾ ചെയ്യുന്നുണ്ടു്. ഈ രാജ്യക്കാർക്കു അതുപോലെ ചെയ്യുന്നതിനു തക്ക തുണിയൊ മൂലധനമൊ ഇല്ല.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): May I know from the member the prime object of this resolution ?

MR. MURUVELIL PACHU PILLAI (*Shertallai*): വിദേശികൾക്കു ഒരു നിയന്ത്രണമില്ലാതെ ഭൂമി പതിച്ചുകൊടുക്കരുതെന്നാണെന്നു ഞാൻ വിചാരിക്കുന്നു. കൂടുതലായിട്ടു വല്ലതും എന്റെ സ്നേഹിതനു അറിയാനുണ്ടെങ്കിൽ ഈ പ്രമേയ പ്രയോക്താവു മറുപടിപറയുന്ന സന്ദർഭത്തിൽ ചോദിച്ചു മനസ്സിലാക്കേണ്ടതാണു്. ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയും ഭേദഗതിയെ എതുക്കുകയും ചെയ്യുന്നു.

MR. V J. OOMMEN (*Commerce and Industry, North*) : സർ, ഞാൻ മിസ്റ്റർ പിറവിപെരുമാൾപിള്ളയുടെ ഭേദഗതിയെ എതുക്കുന്നു. ഒരു പൌരനു അവന്റെ വസ്തുവിന്മേൽ ഉള്ള ക്രയവിക്രയാവകാശത്തെ ഒരു റഗുലേഷൻമൂലം തടയണമെന്നാണു് മിസ്റ്റർ പിറവിപ്പെരുമാൾപിള്ള

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

യുടെ അഭിപ്രായം. ഇതു പൌരാവകാശത്തിനു ഹാനികരമായ ഒരു പ്രവൃത്തിയായിരിക്കും. അതുകൊണ്ടു ഒരിക്കലും അങ്ങിനെ ചെയ്യാൻപാടില്ലെന്നുള്ള അഭിപ്രായത്തോടുകൂടി ഈ അമൻറുമെൻറിനെ ഞാൻ എതിർക്കുന്നു.

MR. A. THANU PILLAI (*Trivandrum*): Sir, I oppose the amendment. The resolution merely seeks to limit the extent of land that a foreigner might be allowed to obtain in Travancore. But the effect of the amendment would be to deprive him of all chance of obtaining any land whatsoever by way of assignment from a private party. That, to my mind, seems to go against the very principle underlying the resolution. The resolution merely wants to limit the right of the foreigner, so that foreign intrusion may not substantially affect the interests of the people of the land. The amendment does not even restrict a period during which alienation should be prohibited. If a law, namely that a piece of land got registered by a Travancorean should not be sold by him to a foreigner, is passed, that would operate for all time.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Does not the member think that those are matters of detail and the same can be taken up for consideration when a legislation is enacted? Now my amendment is only a stepping stone for enacting a legislation.

MR. A. THANU PILLAI (*Trivandrum*): True, it is only a recommendation. But when this House passes a resolution of that kind that means, hereafter, no land should be assigned to a foreigner by a private party. That would be taken to mean that this House does not want to impose a limitation in respect of time. That ought to be the construction of the amendment proposed. Unfortunately, the amendment does not propose any time-limit.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): The amendment is not a legislation.

MR. A. THANU PILLAI (*Trivandrum*): I understand that. This amendment now says that such alienation should be prohibited. It might be open to my friend later on to say that provision should be made for all time, which would be objectionable on more grounds than one.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): A legislation cannot be enacted without coming into this Council.

